# കേരളസർവകലാശാല

നം.പി.ആർ.210/2022

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2022 ഒക്ടോബർ 3 ന് നടത്താനിരുന്നതും 12 – ാം തീയതിലേക്ക് പുനഃക്രമീകരിച്ചതുമായ ഒന്നാം സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം./എം.എസ്.ഡബ്ല്യൂ (ന്യൂ ജനറേഷൻ) പരീക്ഷകൾ ഒക്ടോബർ 14 ലേക്ക് മാറ്റിയിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2002 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.എസ്.സി ഇലക്ട്രോണിക്സ് (340) ഡിഗ്രി പരീക്ഷയുടെ പ്രായോഗിക പരീക്ഷകൾ ഒക്ടോബർ 10, 11 തീയതികളിൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് സെമസ്റ്റർ എം.സി.എ. ഡിഗ്രി (2006 സ്കീം, 2011 സ്കീം, 2015 സ്കീം, 2010 – 2015 അഡ്മിഷൻ) മേഴ്സിചാൻസ് പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ 2022 ഒക്ടോബർ 21 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 26 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 28 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ.സി.ബി.സി.എസ്. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി 2022 ഒക്ടോബർ 10 മുതൽ 18 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.എ. റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.V (അഞ്ച്) ഹാജരാകേണ്ടതാണ്.

### എം.എ ഇംഗ്ലീഷ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ – എസ്.ടി. സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാല ഇംഗ്ലീഷ് പഠനവകുപ്പിൽ എം.എ. ഇംഗ്ലീഷ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ റെഗുലർ – 2022 അഡ്മിഷൻ കോഴ്സിലേക്ക് എസ്.ടി. വിഭാഗത്തിൽ സീറ്റ് ഒഴിവുണ്ട്. ആയതിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2022 ഒക്ടോബർ 10 ന് രാവിലെ 11.30 ന് പാളയം ക്യാമ്പസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ നടത്തുന്നതാണ്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം രാവിലെ 11 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. യോഗ്യത:അംഗീകൃത സർവകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെയുള്ള ബി.എ. ഇംഗ്ലീഷ് ബിരുദം/തത്തുല്യ യോഗ്യത കൂടുതൽ വിവരങ്ങൾക്ക് 9809538287 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# അദാലത്ത്

കേരളസർവകലാശാലയിൽ നിന്ന് വിവിധ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കി ഡിഗ്രി/ഡിപ്ലോമ സർട്ടിഫിക്കറ്റുകൾക്കായി പോരായ്മകളുള്ള അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് ആ അപേക്ഷയിൻമേലുള്ള അപാകതകൾ പരിഹരിച്ച് എത്രയും പെട്ടെന്ന് സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് വേണ്ടിയുള്ള അദാലത്ത് ഒക്ടോബർ 13, 14, 15 തീയതികളിൽ നടത്തുന്നതാണ്. അദാലത്തിൽ പങ്കെടുക്കാനുള്ള അറിയിപ്പ് ലഭിച്ച വിദ്യാർത്ഥികൾ അവരവർക്ക് നൽകിയിരിക്കുന്ന സമയക്രമത്തിൽ രേഖകൾ സഹിതം പങ്കെടുക്കേണ്ടതാണ്.

തിരുവനന്തപുരം,
06.10.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**